റിപ്പോർട്ട് സഭ അംഗീകരിച്ചു.

(1) അനൗദ്യോഗികാംഗങ്ങളുടെ ബിൽ

ശ്രീ. സി.ടി. കൃഷ്ണൻ : സർ, 1985-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(2) 1984-ലെ കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയ പ്രകാരമുള്ളത്)

ശ്രീ. എ.വി. താമരാക്ഷൻ : സർ, ബഹുമാന്യനായ ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയിട്ടുള്ള കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഒരു ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ഈ നിയമസഭയിൽ തന്നെ നിരവധി പ്രാവശ്യം ശ്രദ്ധക്ഷണിക്ക പ്രമേയത്തിലൂടെയും, സബ്മിഷനിലൂടെയും മറ്റ് പല രൂപത്തിലും നമ്മു സംസ്ഥാനത്ത് നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന ലക്ഷക്കണക്കി തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കണമെന്ന ആവശ്യം ഉയർത്ത യിട്ടുള്ളതാണ്. ഈ സഭയ്ക്കകത്തും പുറത്തും കെട്ടിട നിർമ്മാണ രംഗത്തെ തൊഴിലാളികൾ കക്ഷി രാഷ്ട്രീയത്തിനതീതമായി, ഈ ആവശ്യങ്ങൾ അംഗീക രിക്കപ്പെടുന്നതിനുവേണ്ടി ശക്തമായ പ്രക്ഷോപണങ്ങൾ നടത്തിക്കൊണ്ടിരിക്കു കയുമാണ്. സർ, ഈ സഭയിൽ തന്നെ ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി പല അവസരങ്ങളിൽ ഈ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരി ക്കുന്ന കാര്യത്തെപ്പറ്റി 'അടിയന്തിരമായി നടപ്പിലാക്കും' അടിയന്തിര നടപടി, സ്വീകരിക്കും, എന്നൊക്കെ പറഞ്ഞതാണ്. അതിനുവേണ്ടി മഹാബലറാവു കമ്മിഷനായി ഒരു ഏകാംഗ കമ്മീഷനെ സംസ്ഥാന ഗവൺമെൻറ് നിയമിച്ചി രുന്നു. മഹാബലറാവു കമ്മിഷനായിട്ടുള്ള ആ കമ്മിഷന്റെ റിപ്പോർട്ട് സംസ്ഥാന ഗവൺമെൻറിന് കിട്ടിയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്ന് മാത്രമല്ല, ഈ കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുവേണ്ടി ഒരു സമഗ്രമായ ക്ഷേമനിധി ലാ ഡിപ്പാർട്ടുമെൻറ് തന്നെ തയ്യാറാക്കി സംസ്ഥാന ഗവൺ മെൻറിന് സമർപ്പിച്ചിട്ടും, മാസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ഈ ഗവൺമെൻറിന് ഈ തൊഴിലാളികളോട് അൽപ്പംപോലും താൽപ്പര്യമില്ലെ ന്നാണ് കാണാൻ കഴിയുന്നത്. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിട്ടുള്ള ഗവൺമെൻറിന്റെ അവസാന നിയമസഭാ സമ്മേളനങ്ങളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഈ നിയമസഭ 29-ാം തീയതി അവസാനിക്കുന്നതിന് മുൻപായി ഈ സമ്മേളനത്തിൽപോലും ഈ കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമ നിധിബിൽ ചർച്ചയ്ക്കു കൊണ്ടുവരാനോ, അത് പാസ്സാക്കാനോ ഇടയുണ്ടെ ന്നുള്ള യാതൊരു വിശ്വാസവും എനിക്കില്ല. ആ നിലയിൽ ബഹുമാന്യനായ ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ ഗവൺമെൻറിന് എന്തെങ്കിലും ഭേദഗതി വേണമെങ്കിൽ അത് അംഗീകരിക്കാൻ ഇത് അവതരിപ്പിച്ച ശ്രീ. കാനം രാജേന്ദ്രൻ തയ്യാറാണ്. ആ നിലയിൽ സംസ്ഥാന ഗവൺമെൻറ് പിടിവാശി കാണിക്കാതെ, നമ്മുടെ കേരളത്തിലുള്ള ഈ രംഗത്ത് പണിയെടു ക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ താൽപ്പര്യമാണ് ആഗ്രഹമെങ്കിൽ, ഇനി ഈ ഗവൺമെൻറിന് ഇത്തരം നിയമനിർമ്മാണം നടത്താൻ സമയമുണ്ടാകു കയില്ലെന്നത് കണക്കിലെടുത്തുകൊണ്ടും ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ നിയമം അംഗീകരിക്കാനുള്ള സൗമനസ്യമെങ്കിലും സംസ്ഥാന ഗവൺമെൻറ് കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെൻറിന് ഈ നിയമ ത്തിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ, എന്തെങ്കിലും ഭേദഗതി വരുത്ത ണമെങ്കിൽ ആ ഭേദഗതികൾ പൂർണ്ണ മനസ്സോലേ അംഗീകരിക്കാൻ തയ്യാറാ ണെന്ന് പ്രബന്ധാവതാരകൻ തന്നെ എന്നോട് സമ്മതിച്ചിട്ടുണ്ട്. ആ നില യിൽ അത് അംഗീകരിച്ചുകൊണ്ടും ഈ നിയമം അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി നമ്മുടെ ഈ സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ഡാമുകൾ തുടങ്ങിയവയുടെ. നിർമ്മാണത്തിൽ ഏർപ്പെട്ട് നാടിന്റെ വികസന രംഗത്ത് വലിയ സംഭാവന നൽകിയിട്ടുള്ള അസംഘടിതരായ ഒരു വിഭാഗം തൊഴിലാളികളാണ് ഈ നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ. ഈ സംസ്ഥാനത്ത് ഇന്ന് ഉയർന്നുനിൽക്കുന്ന മണിമാളികകളും നമ്മുടെ മനോഹരമായ റോഡുകളും പാലങ്ങളും പ്രോജക്ടുകളുമൊക്കെ നിർമ്മിക്കുന്നതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികൾക്ക് അവരുടെ ആരോഗ്യം നഷ്ടപ്പെട്ടു കഴിഞ്ഞാൽ യാതൊരുവിധമായ സംരക്ഷണവും കിട്ടാത്ത നിലയാണ് ഇന്നുള്ളത്. എന്നുമാത്രമല്ല, ഏറ്റവും അപകടകരമായ സാഹചര്യങ്ങളിലാണ് ഈ നിർമ്മാണ മേഖലയിലെ തൊഴിലാളികൾ പണിയെടുക്കുന്നത്. നമ്മുടെ ഇടുക്കിയിൽ പ്രോജക്ടുകളൊക്കെ ഉണ്ടാക്കിയ അവസാനത്തിൽ എത്രയോ തൊഴിലാളികളുടെ വിലപ്പെട്ട ജീവനാണ് കൊടുക്കേണ്ടിവന്നത്. ആ തൊഴിലാളികൾക്ക് യാതൊരുവിധമായ സംരക്ഷണവും ഇന്ന് ലഭിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. ഇത് കണക്കിലെടുത്തുകൊണ്ടാണ് നിർമ്മാണ രംഗത്ത് ഏറ്റവും അപകടകരമായ സാഹചര്യത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക്, അവരുടെ ലൈഫ് ഇൻഷ്വർ ചെയ്തുകൊണ്ട് തന്നെ ആ തൊഴിലാളികൾക്ക് സുരക്ഷിതത്വമെന്നുള്ള നിലയിൽ സമഗ്രമായ ഒരു നിയമം ഈ കേരളത്തിൽ അനിവാര്യമായി കൊണ്ടുവരണമെന്ന ആവശ്യം ഇന്ന് എല്ലാ ഭാഗത്തുനിന്നും ഉയർന്നുവന്നിരിക്കുന്നത്. എന്നാൽ ഈ സഭയ്ക്ക് നൽകിയ ഉറപ്പുകളെല്ലാം ലംഘിച്ചുകൊണ്ട് തൊഴിലാളിക്കെതിരായ സമീപനമാണ് നിർഭാഗ്യവശാൽ ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് പറയാൻ ഞാൻ മടിക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ നമ്മുടെ രാജ്യത്തെ നിരവധി സംഭവങ്ങൾ, ഈ വലിയ കെട്ടിടങ്ങളുടെയൊക്കെ പണിയുമായി ബന്ധപ്പെട്ട പത്തോ ഇരുപതോ ഇരുപത്തിയഞ്ചോ വയസ് പ്രായമുള്ള തൊഴിലാളികൾ അപകട മരണമടഞ്ഞാൽ ആ തൊഴിലാളിക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടിൽ നിന്നുപോലും ആനുകൂല്യം കിട്ടാനുള്ള വ്യവസ്ഥയില്ലാത്ത നിലയിലാണ് ഇന്ന് ഈ രംഗത്തെ പ്രവർത്തനങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഇത് ഒരു തൊഴിൽ പ്രശ്നമെന്നുള്ള നിലയിലും, മനുഷ്യ സ്നേഹപരമായ നിലയിലും ഈ പ്രശ്നം കാണാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് 1-ാം തീയതി മുതൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽപ്പോലും ഈ കെട്ടിടനിർമ്മാണ തൊഴിലാളികളെ കൊണ്ടുവരാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ലെന്നുള്ളത് തന്നെ അത്യന്തം ഖേദകരമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വെറും പ്രചരണങ്ങളല്ലാതെ, പ്രസ്ഥാനങ്ങളല്ലാതെ തൊഴിലാളികളോട് അൽപ്പംപോലും ആത്മാർത്ഥതയില്ലാത്ത ഒരു ഗവൺമെന്റാണിതെന്ന് പറയാൻ കാരണം. അങ്ങനെ ഈ ഗവൺമെന്റിനും ആ തൊഴിലാളികളോടും ആത്മാർത്ഥതയുണ്ടെങ്കിൽ, ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ല് ശ്രീ. കരുണാകരൻ ഗവൺമെന്റിനും ഇനി ഒരു നിയമസഭ വിളിച്ചുകൂട്ടി നിയമ നിർമ്മാണ കാര്യങ്ങളും ചർച്ച ചെയ്യാനുള്ള അവസരമില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ, ഈ നിയമനിർമ്മാണം അംഗീകരിക്കുവാനുള്ള സൗമനസ്യമുണ്ടാകണം.

ശ്രീ. പി. പി. തങ്കച്ചൻ : ഈ സമ്മേളനമാണ് അവസാനത്തെ സമ്മേളനമെന്ന് അങ്ങയോട് ആരാണ് പറഞ്ഞത് ? ആരാണ് ഇത് തീരുമാനിക്കുന്നത് ?

ശ്രീ. എ. വി. താമരാക്ഷൻ : ഞാൻ പറഞ്ഞത് ഒരു പക്ഷേ ഒരു ബഡ്ജറ്റ് സമ്മേളനം കൂടിയാൽപ്പോലും നിയമ നിർമ്മാണത്തിന് അവസരമുണ്ടാകാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ലെന്നുള്ളതുകൊണ്ടാണ്. ഈ ബിൽ ചർച്ച ചെയ്യാനുള്ള സൗമനസ്യം കാണിക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഈ ഗവൺമെൻറിന് ഇതിൽ എന്തെങ്കിലും താൽപ്പര്യമുണ്ടോ ? നമ്മുടെ രാജ്യത്തെ 20 ലക്ഷത്തിൽപ്പരം തൊഴിലാളികളാണ് കെട്ടിട നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നത്. അങ്ങനെ ഈ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, റോഡുകളും, പാലങ്ങളും, കെട്ടിടങ്ങളും, ഡാമുകളും, പ്രോജക്ടുകളുമെല്ലാം ഉണ്ടാക്കുന്നതിനുവേണ്ടി അവരുടെ വിയർപ്പും ചോരയും കൊണ്ട് പടുത്തുയർത്തിയ കെട്ടിടങ്ങളും, റോഡുകളും, പാലങ്ങളുമാണ് ഈ സംസ്ഥാനത്തുള്ളത്. ആർക്കെങ്കിലും അത് വിസ്മരിക്കാൻ കഴിയുമോ ? അങ്ങനെ തൊഴിലാളികളെ വിസ്മരിക്കുന്ന ഒരു ഗവൺമെൻറാണ് ഇന്ന് അധികാരത്തിലിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ കാര്യത്തിൽ അൽപം പോലും താൽപ്പര്യമില്ലാത്ത ഒരു ഗവൺമെൻറാണ് എന്നുള്ള നിലയിൽ.....
.....(ചർച്ച തുടരും)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

1985-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ—

(ചർച്ച തുടർച്ച)

ശ്രീ. എം. വി. രാഘവൻ : സർ, 1985-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ അംഗീകരിക്കാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് വലിയ ബുദ്ധിമുട്ടുണ്ടാകുകയില്ലെന്നാണ് എനിക്ക് തോന്നുന്നത്. കേരള യൂണിവേഴ്സിറ്റി, കോഴിക്കോട് യൂണിവേഴ്സിറ്റി, ഗാന്ധിജി യൂണിവേഴ്സിറ്റി ആക്ടുകളുടെ ചില ഭേദഗതികളാണ്, ഒരേ രൂപത്തിലുള്ള ഭേദഗതികളാണ് മൂന്നു യൂണിവേഴ്സിറ്റികളെ സംബന്ധിച്ചും ഞാൻ വ്യക്തമാക്കിയത്. അത് ആർക്കും എതിർക്കാൻ കഴിയാത്തതാണ്. സർവ്വീസിൽ അഞ്ചും ആറും കൊല്ലം ഇരുന്നിട്ടുള്ള ആളുകളെ ഒഴിവാക്കുകയും സർവ്വീസ് കുറഞ്ഞവരെ പ്രൈവറ്റ് മാനേജ്മെൻറ് നിയമിക്കുകയും ചെയ്യുകയാണ്. ലീവ് വേക്കൻസിയിൽ വരുന്നവരെ സീനിയർ അല്ലെന്ന രീതിയിൽ കണക്കാക്കുകയും അവരെക്കാളും സർവ്വീസു കുറഞ്ഞവരെ സർവ്വീസിൽ നിയമിക്കുകയുമാണ് മാനേജ്മെൻറ് ചെയ്യുന്നത്. ഈ നിയമത്തിലുള്ള ചെറിയ ചില അപാകതകൾ കൊണ്ടാണതു വരുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയുവാനുള്ളത് ഈ ഭേദഗതി.....

ശ്രീ. എം. എം. ഹസ്സൻ : താങ്കളുടെ ഇത്രയും കാലത്തെ സർവ്വീസ് പരിഗണിക്കാതെ താങ്കളുടെ പാർട്ടിക്കാർ താങ്കളെ 'കുമർ നാരായണൻ' എന്നു വിളിച്ചത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. വി. രാഘവൻ : കുമർ നാരായണനെന്ന് ആരാണ് എന്നെ വിളിച്ചതെന്നു് എനിക്കറിയില്ല. ഞാൻ അപ്പോൾ സഭയിൽ ഉണ്ടായിരുന്നില്ല. കുമർ നാരായണനെന്നു പറഞ്ഞത് വിദേശ ചാരനാണെങ്കിൽ ഹസ്സന്റെ പാർട്ടിക്കാർ 1965-ൽ ഒന്നരക്കൊല്ലം എന്നെ ജയിലിൽ വച്ചത് ചൈനാച്ചാരൻ എന്നു പറഞ്ഞാണ്. അതിനുമുമ്പ് ഞങ്ങളെ വിളിച്ചത് മലങ്കോവിന്റെ മക്കളെന്നാണ്. അതിനുമുമ്പ് ഞങ്ങളെ വിളിച്ചത് റഷ്യൻ ചാരൻമാർ എന്നാണ്. അതുകൊണ്ട് ഹസ്സന്റെ പാർട്ടിക്കാരുടെ പണി പ്രതിപക്ഷത്തുള്ള ആരെങ്കിലും എറെടുത്തിട്ടുണ്ടെങ്കിൽ അവരോട് സഹതപിക്കുകയല്ലാതെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly